(iii) സ്പിൽവേ ഗേറ്റ്, എമർജൻസി ഗേറ്റുകൾ എന്നിവയിൽ കാലാകാലങ്ങളിൽ ഗ്രീസും മറ്റും അടിക്കാതെ ഇരിക്കുക.

(iv) എർത്ത് ഡാമിന്റെ രണ്ടുഭാഗങ്ങളിലും (അപ്പസ്ട്രീം, ഡൗൺസ്ട്രീം) കുറ്റിക്കാടുകളും മറ്റും വളരുക എന്നിവയാണ്.

(ഡി) കഴിഞ്ഞ കാലവർഷത്തിന് മുൻപ് ഡാമുകളുടെ പരിശോധന നടത്തുകയുണ്ടായി. സംസ്ഥാനതല അണക്കെട്ട് സുരക്ഷാസമിതിയും, അണക്കെട്ട് സുരക്ഷാ ഓർഗനൈസേഷനും കാഞ്ഞിരപ്പുഴ, ശിരുവാണി, മീങ്കര, ചുള്ളിയാർ, വാഴാനി, കുറ്റ്യാടി എന്നീ ഡാമുകൾ പരിശോധിക്കുകയും അറ്റകുറ്റപ്പണികൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. മറ്റു ഡാമുകളിൽ കാര്യമായ തകരാറുകൾ ഒന്നുംതന്നെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

കാഞ്ഞിരപ്പുഴ ഡാമിൽ ചോർച്ച തടയുന്നതിനായി പുതിയ ഡ്രെയ്നേജ് ഹോളുകൾ ഡ്രില്ല് ചെയ്യുന്നതിന് നിർദ്ദേശിച്ചിരുന്നു, അതിന്റെ പണി നടന്നുവരുന്നു. എർത്ത് ഡാമിന്റെ പുനർ നിർമ്മാണം പറഞ്ഞതിൻപ്രകാരം പൂർത്തീകരിച്ചു. മറ്റ് അറ്റകുറ്റപ്പണികൾ കാലാകാലങ്ങളിൽ കമ്മിറ്റി നിർദ്ദേശിച്ച പ്രകാരം പദ്ധതി ഉദ്യോഗസ്ഥർ ചെയ്തുവരുന്നു.

ശിരുവാണി ഡാമിൽ സ്പീപ്പേജ് കണ്ടെത്തി അത് പരിഹരിക്കുന്നതിന് തുടർച്ചയായ ഗ്രൗട്ടിംഗ് നിർദ്ദേശിച്ചു. അപ്രകാരം ഗ്രൗട്ടിംഗ് ചെയ്തുവരുന്നു.

മീങ്കര ഡാമിൽ മേസൺറി ഡാമും, എർത്ത് ഡാമും ചേരുന്ന ഭാഗത്ത് ചെറിയ വിള്ളൽ കണ്ടെത്തി. അതിന്റെ അവസ്ഥ സൂക്ഷ്മമായി പരിശോധിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. എർത്ത് ഡാമിന്റെ രണ്ട് ഭാഗത്തും (അപ്സ്ട്രീം, ഡൗൺസ്ട്രീം) ഉള്ള കുറ്റിക്കാടുകൾ പൂർണ്ണമായും നീക്കം ചെയ്യാൻ നിർദ്ദേശിച്ചിട്ടുണ്ട്. ചുള്ളിയാറിൽ എർത്ത് ഡാമിലുള്ള കുറ്റിക്കാടുകൾ നീക്കം ചെയ്യാൻ നിർദ്ദേശിച്ചു.

വാഴാനി ഡാമിൽ ടോ ഡ്രെയിനിന്റെ പണി നിർദ്ദേശിച്ചു. അത് പൂർത്തീകരിച്ചു.

കുറ്റ്യാടി ഡാമിൽ സ്പീപ്പേജ് തടയുന്നതിനായി ഗ്രൗട്ടിംഗ്, എർത്ത് ഡാമിന്റെ അറ്റകുറ്റപ്പണികൾ, ഡാമിന്റെ വൈദ്യുതീകരണം, ഷട്ടറുകളുടെ അറ്റകുറ്റപ്പണികൾ എന്നിവ നിർദ്ദേശിച്ച പ്രകാരം ചെയ്തുവരുന്നു.

ഗുണനിലവാരമില്ലാത്ത മിനറൽ വാട്ടർ വിൽക്കുന്നതിനെതിരെ നടപടി

4 [*69] ശ്രീ. തോമസ് ചാഴികാടൻ :

„ കെ. നാരായണക്കുറുപ്പ് :

„ റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിനറൽ വാട്ടർ എന്ന പേരിൽ ഗുണനിലവാരമില്ലാത്ത വെള്ളം സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇത്തരം സ്ഥാപനങ്ങൾക്കെതിരെ എന്ത് നടപടി സ്വീകരിച്ചെന്ന് അറിയിക്കാമോ;

(സി) സർക്കാരിന്റെ അംഗീകാരത്തോടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന, മിനറൽ വാട്ടർ കമ്പനികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ഡി) ഗുണനിലവാരമില്ലാത്ത മിനറൽ വാട്ടർ, പാനീയങ്ങൾ, ഭക്ഷ്യസാധനങ്ങൾ എന്നിവയുടെ വിതരണം നിരീക്ഷിക്കുന്നതിനും തടയുന്നതിനുമുള്ള സംവിധാനം ശക്തിപ്പെടുത്താൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ?

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) മിനറൽ വാട്ടർ എന്ന പേരിൽ സംസ്ഥാനത്ത് കുപ്പികളിൽ അടച്ച വെള്ളത്തിന്റെ നിർമ്മാണ യൂണിറ്റുകളോ, വിതരണക്കാരോ നിലവിലില്ല. എന്നാൽ കുപ്പിയിലടച്ച വെള്ളം പാക്കേജ്ഡ് ഡ്രിങ്കിംഗ് വാട്ടർ എന്ന പേരിൽ ഉൽപ്പാദനവും വിതരണവും നടത്തുന്നുണ്ട്. ഇവയിൽ നാല് സാമ്പിളുകൾ നിശ്ചിത ഗുണനിലവാരം ഇല്ലാത്തതായി കാണുകയാൽ അവയുടെ ഉൽപ്പാദകർക്കെതിരെ പി.എഫ്.എ. നിയമപ്രകാരം നടപടികൾ നടന്നുവരുന്നു.

(ബി) നിശ്ചിത ഗുണനിലവാരം ഇല്ലാത്ത പാക്കേജ്ഡ് ഡ്രിങ്കിംഗ് വാട്ടർ വില്പന നടത്തിയ പാർലെ ബെയ്‌ലി അക്വാ പാക്കേജ്ഡ് ഡ്രിങ്കിംഗ് വാട്ടർ, ഡെയ്‌ലി പാക്കേജ്ഡ് ഡ്രിങ്കിംഗ് വാട്ടർ, അക്വാ ഡ്യൂപാക്കേജ്ഡ് ഡ്രിങ്കിംഗ് വാട്ടർ, അക്വാ കൂൾ പാക്കേജ്ഡ് ഡ്രിങ്കിംഗ് വാട്ടർ എന്നീ നാല് കമ്പനികൾക്കെതിരെ പി.എഫ്.എ. നിയമപ്രകാരം ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതികളിൽ കേസ് ഫയൽ ചെയ്തുവരുന്നു.

(സി) പാക്കേജ്ഡ് ഡ്രിങ്കിംഗ് വാട്ടർ എന്ന പേരിൽ അംഗീകൃത ലൈസൻസുള്ള സ്ഥാപനങ്ങൾ 25 എണ്ണം സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്.

(പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.) †

(ഡി) കേന്ദ്ര ഭക്ഷ്യമായം ചേർക്കൽ നിരോധന നിയമപ്രകാരം പാനീയങ്ങൾ, ഭക്ഷ്യവസ്തുക്കൾ എന്നിവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാനായി ഗ്രാമ പ്രദേശത്ത് 60 സർക്കിൾ ഫുഡ് ഇൻസ്പെക്ടർ ഓഫീസുകളും, നഗര പ്രദേശങ്ങളിൽ തദ്ദേശ സ്വയം ഭരണ വകുപ്പ് നിയമിച്ചിട്ടുള്ള ഫുഡ് ഇൻസ്പെക്ടർ ഓഫീസുകളും പ്രവർത്തിക്കുന്നു. കൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവടങ്ങളിൽ മൊബൈൽ വിജിലൻസ് സ്ക്വാഡുകളും പ്രവർത്തിച്ചുവരുന്നു. ഫുഡ് ഇൻസ്പെക്ടർമാരുടെ പ്രവർത്തനങ്ങൾ ഗവൺമെന്റ് തലത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ വിലയിരുത്തി മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly